# ACCADAMIC MASTER PLAN

## 2025-26




## GOVT.UPS NARAKATHARA

SUB DISTRICT : VELIYANADU

# ആമുഖം

മാറ്റം അത്യാവശ്യമാണ്. തുടർച്ച അനിവാര്യവും. കേരളം പൊതുവിദ്യാഭ്യാസരംഗത്ത് വിപ്ലവാത്മകമായ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കുന്ന കാലഘട്ടമാണിത്, തുടർന്ന് വന്നിരുന്ന നൻമകളെ ഒപ്പം വളർത്തുന്നുണ്ടുതാനും. ഈ മാറ്റത്തിനൊപ്പം ഉയരാനുള്ള ഒരുക്കത്തിലാണ് ഓരോ പൊതുവിദ്യാലയവും. കേരളത്തിൻ്റെ വികസനത്തിൽ നിർണ്ണായകമായ പങ്കാണ് പൊതുവിദ്യാഭ്യാസത്തിനുള്ളത്. ഈ മേഖലയുടെ വളർച്ചയും മുന്നേറ്റവുമാണ് കേരളത്തെ മികവിലേയ്ക്ക് നയിക്കുന്ന ശക്തിയാവുക. ഈ വസ്തുത തിരിച്ചറിഞ്ഞ് കൊണ്ട് സംസ്ഥാനസർക്കാരും വിദ്യാഭ്യാസ വകുപ്പും മുന്നോട്ടുവച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കേരളത്തിലെ അക്കാദമിക സമൂ-ഹവും പൊതുജനങ്ങളും ഏറ്റെടുത്തു കഴിഞ്ഞു. കേരളത്തിൻ്റെ സാംസ്കാരികവും സാമൂഹികവും പാരിസ്ഥിതികവും ആയ പാരമ്പര്യം കാത്തുസൂക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങളായ അവസരസമത്വം മതേതരത്വം, പാർശ്വവൽക്കരിക്കപ്പെടുന്നവരോടുള്ള അനുകൂല മനോഭാവം, കുട്ടികളുടെ അവകാശ നിയമം, വിദ്യാഭ്യാസ അവകാശ നിയമം എന്നിവ ഉറപ്പാക്കുന്നതിനും നാം പ്രതിജ്ഞാബദ്ധരാണ്. ഇതിൻ്റെ അടിസ്ഥാനത്തിലാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൻ്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് അക്കാദമിക നിലവാരം അന്താരാഷ്ട്ര തലത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇങ്ങനെ പൊതുവിദ്യാലയങ്ങളെ മികവിൻ്റെ കേന്ദ്രമാക്കുക എന്ന മഹത്തായ ലക്ഷ്യമാണ് മുന്നോട്ടുവച്ചിട്ടുള്ളത്. സ്കൂൾ വികസന സമിതിയുടെ നേതൃത്വത്തിൽ വികസന പദ്ധതികൾ അക്കാദമികം, ഭൗതീകം, സാമൂഹികം എന്നീ തലങ്ങളിൽ വികസിപ്പിക്കുകയും, ചർച്ചയിലൂടെ അത് പ്രാവർത്തികമാക്കാനുള്ള ശ്രമം നടന്നു വരികയും ചെയ്യുന്നു. നമ്മുടെ നാട്ടിലെ എല്ലാ കുട്ടികൾക്കും അന്താരാഷ്ട്രനിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടുന്നതിനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമമാണ് ഇതിലൂടെ സാക്ഷാൽക്കരിക്കുന്നത്.

# വിദ്യാലയ ചരിത്രം

1948-ൽ ശ്രീരാമകൃഷ്ണാശ്രമം, സ്വാമി ഈശ്വരാനന്ദ ജി വക സ്ഥലം, ഇദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം കുടുംബാംഗമായ നാരായണക്കുറുപ്പ് നൽകിയ സ്ഥലത്താണ് ഗവ. യു.പി.സ്കൂൾ നാരകത്തറ ആരംഭിച്ചത്. സ്കൂളിന് ഒരു ഏക്കർ സ്ഥലം ഉണ്ട്. ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ കാവാലം വില്ലേജിൽ നാരകത്ര ഗ്രാമത്തിൽ ആണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. വെള്ളത്താൽ ചുറ്റപ്പെട്ടതും ഒറ്റപ്പെട്ടതും ആയ സ്ഥലത്തിൻ്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത മൂലം അന്നത്തെ നാടിന്റെ സരസ്വതിക്ഷേത്രമായി ഏവരും കരുതിയിരുന്നു. നിരാലംബരായ ഇവിടുത്തെ ജനങ്ങളുടെ ആശാകേന്ദ്രമായിരുന്നു ഈ സ്ഥാപനം. സമൂഹത്തിലെ ഉന്നതമേഖലകളിൽ എത്തിച്ചേർന്ന പലരും ഈ സ്ഥാപനത്തിലെ വിദ്യാർത്ഥികൾ ആയിരുന്നു. 1948-ൽ എൽ.പി വിഭാഗമായിരുന്നു ഈ സ്ഥാപനം. 1952-ൽ യു. പി ആയി ഉയർത്തപ്പെട്ടു. ആദ്യകാലങ്ങളിൽ ആയിരത്തിലധികം കുട്ടികൾ ഇവിടെ പഠനം നടത്തിയിരുന്നു. എന്നാൽ ക്രമേണ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വന്നു. പട്ടണത്തിലുള്ള അൺ - എയ്ഡഡ് വിദ്യാലയങ്ങളിൽ ഉയർന്ന ഫീസ് നൽകി പഠിക്കുന്നത് സമൂഹത്തിൻ്റെ പുതിയ സംസ്ക്കാരത്തെയാണ് വിളിച്ചോതുന്നത്. കുട്ടികളുടെ എണ്ണം സൂചിപ്പിക്കുന്ന കുറവ് സ്കൂളിൻ്റെ പ്രവർത്തനങ്ങളെയൊന്നും ബാധിച്ചിട്ടില്ല. അത്യന്തം ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുന്ന അദ്ധ്യാപകരും കുട്ടികളും ചേർന്ന് സ്കൂളിൻ്റെ യശ്ശസ് എവിടെയും ഉയർത്തിപ്പിടിക്കുന്നുണ്ട്. പാഠ്യപാഠ്യേതര വിഷയങ്ങളിൽ ഈ സ്കൂൾ മികവു പുലർത്തിയിരുന്നു. പ്രത്യേകിച്ചും ഗണിത ശാസ്ത്രമേള, സ്കൂൾ കലോത്സവങ്ങളിൽ മികച്ച പ്രകടനം കാഴ്ച്ച വച്ചിരുന്നു. കലാപ്രതിഭപട്ടം പോലും ഈ സ്കൂളിനു ലഭിച്ചിട്ടുണ്ട്.തുടർന്നും എല്ലാവർഷവും ശാസ്ത്ര, ഗണിത ശാസ്ത്ര, പ്രവൃത്തി പരിചയമേള,കായികമേള, തുടങ്ങിയവയിൽ മികച്ച പ്രകടനം കാഴ്ചവെച്ച് ഓവറാൾ ലഭിച്ചു വരുന്നു.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| പേര് | : ഗവ. യു.പി.എസ്. നാരകത്ര |
| വിലാസം | : നാരകത്ര പി.ഒ., കാവാലം, ആലപ്പുഴ 688 506 |
| സ്കൂൾ കോഡ് | : 46419 |
| വിദ്യാഭ്യാസ ഉപജില്ല | : വെളിയനാട് |
| വിദ്യാഭ്യാസ ജില്ല | : കുട്ടനാട് |
| റവന്യൂ ജില്ല | : ആലപ്പുഴ |
| ബി.ആർ.സി. | : വെളിയനാട് ആർ.വി.സി.പി.എസ്. ഊര |
| ഗ്രാമപഞ്ചായത്ത് | : നീലംപേരൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : വെളിയനാട് |
| ജില്ലാ പഞ്ചായത്ത് | : ആലപ്പുഴ |
| നിയമസഭാ മണ്ഡലം | : കുട്ടനാട് |
| ലോക്സഭാ മണ്ഡലം | : മാവേലിക്കര |
| താലൂക്ക് | : കുട്ടനാട് |
| വില്ലേജ് | : കാവാലം |
| ഇ-മെയിൽ | : govtupsnarakathara@gmail.com |

## ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടേയും ധാരണകളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വച്ചുകൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചിട്ടുള്ളത്. അറിവിനെ സ്കൂളിനുപുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, കാണാപാഠം പഠിക്കുന്ന രീതി ഒഴിവാക്കുക, പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠന പ്രവർത്തനത്തെ വികസിപ്പിക്കുക, പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക, നിരന്തര മൂല്യനിർണ്ണയത്തിന്റേയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (2005) നിർദ്ദേശങ്ങളും പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ്റൂമിൽ നടക്കേണ്ടതെന്ന വിദ്യാഭ്യാസ അവകാശ നിയമം (2009) മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളിലും ഊന്നിനിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

- ❖ എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.
- ❖ അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.
- ❖ ഉന്നതനിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.
- ❖ ഐ.സി.ടി. അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- ❖ ഐ.സി.ടി. അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- ❖ ക്ലാസ്സ് മുറികളിൽ ഐ.സി.ടി. അധിഷ്ഠിത ക്ലാസ്സുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.

- കലാ-കായിക പ്രവൃത്തി പരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക, സാംസ്ക്കാരിക സൗകര്യങ്ങൾ ഒരുക്കും.

- കലാ-കായിക പ്രവൃത്തി പരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക, സാംസ്ക്കാരിക സൗകര്യങ്ങൾ ഒരുക്കും.

- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കും.

- പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലേ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.

- പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും ആകുന്നതരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും.

- സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും.

- ലഘുപഠന യാത്രകൾ, പഠനക്യാമ്പുകൾ, ശിൽപശാലകൾ വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

- കാർഷിക സംസ്ക്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കും.

- മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കാനാവുന്നതരത്തിൽ ഇടപെടലുകൾ നടത്തും.

- പ്ലാസ്റ്റിക് മുക്ത-കീടനാശിനിമുക്ത-ലഹരിമുക്ത ക്യാമ്പസ്സുകൾ സൃഷ്ടിക്കും.

- 'കാമ്പസ് തന്നെ പാഠപുസ്തകം' എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുത്ത് 'ജൈവവൈവിധ്യ ഉദ്യാനം' എന്ന ആശയം സ്കൂളിൽ നടപ്പാക്കും.

- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും.

- വിദ്യാഭ്യാസത്തിന്റെ ജനകീയവൽക്കരണം അർത്ഥപൂർണ്ണമാക്കും.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കും.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും.
- സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുക. പ്രാദേശിക വിഭവം പ്രയോജനപ്പെടുത്തും.
- സ്കൂൾ തലത്തിലുള്ള വിവിധ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചക്ക് ഉതകുന്നവിധം പ്രയോജനപ്പെടുത്തും.
- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠന നേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- മുഴുവൻ കുട്ടികളേയും മലയാളം തെറ്റില്ലാതെ എഴുതാനും വായിക്കാനും കഴിവുള്ളതാക്കും. മലയാളത്തിളക്കം പോലുള്ള പരിപാടികൾ ഫലപ്രദമായി വരും വർഷങ്ങളിലും തുടരും.
- ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ അനായാസം കൈകാര്യം ചെയ്യുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കും.
- അടിസ്ഥാന ഗണിതശേഷികൾ മുഴുവൻ കുട്ടികളിലും ഉറപ്പാക്കും.
- കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന-ദേശീയ-അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
- എല്ലാ ക്ലാസ്മുറികളും ഹൈടെക് ആക്കും.
- സയൻസ്, സോഷ്യൽ സയൻസ്, ഗണിതലാബുകളുടെ നവീകരണം നടത്തും.
- ശാസ്ത്രസത്യങ്ങൾ സ്വയം കണ്ടെത്തുന്നതിന് സ്വയം പരീക്ഷണങ്ങൾ നടത്താൻ കുട്ടികളെ പ്രാപ്തരാക്കും. ഓരോ കുട്ടിയേയും ശാസ്ത്രജ്ഞൻ എന്ന തലത്തിലേക്ക് ഉയർത്തും.
- സ്കൂളിലും വീട്ടിലും ആരോഗ്യപരമായ പഠനാന്തരീക്ഷം ഉറപ്പുവരുത്തും.
- പഠനം രസകരവും കാര്യക്ഷമവുമാക്കുവാൻ ഐ.സി.റ്റി. ഉപയോഗിച്ച് മുഴുവൻ പാഠങ്ങളും പഠിപ്പിക്കാൻ ശ്രമിക്കും.

- ❖ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും കമ്പ്യൂട്ടർ അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള പ്രാപ്തിയുണ്ടാക്കും.
- ❖ മെസ്ഹാൾ, അസംബ്ലിഹാൾ, ജൈവവൈവിധ്യപാർക്ക് ഇവ നിർമിക്കും.
- ❖ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ക്ലബ്ബുകളുടെ നേതൃത്വത്തിൽ ദിനാചരണങ്ങൾ വളരെ ഭംഗിയായി നടത്തും.
- ❖ ഭിന്നശേഷിക്കാരെ പരിഗണിച്ചുള്ള പഠനപ്രവർത്തനങ്ങൾ നടത്തും.
- ❖ ക്ലാസ്റൂം പ്രവർത്തനങ്ങളുടെ മികവുകളുടെ പ്രദർശനം സംഘടിപ്പിക്കും.സ്വന്തമായി വാഹനസൗകര്യം ഏർപ്പെടുത്തും.
- ❖ സ്കൂളിൽ ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം ഇവ നിർമ്മിക്കും.

# പ്രശ്നങ്ങൾ വെല്ലുവിളികൾ

## അക്കാദമികം

- ➢ ഭിന്നശേഷിക്കാരുടെ ആവശ്യം പരിഗണിച്ച് റിസോഴ്സ് അധ്യാപകരുടെ സേവനം ലഭിക്കുന്നില്ല.
- ➢ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പഠനോപകരണങ്ങൾ, ഐ.സി.ടി. സാധ്യതകൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നതിന് പരിമിതികൾ ഉണ്ട്.
- ➢ ക്ലാസ് ലൈബ്രറി ഉപകരണങ്ങൾ ആവശ്യത്തിനില്ല.
- ➢ സ്കൂളിന് പ്രത്യേക ലൈബ്രറി സംവിധാനം ഇല്ല.

## ഭൗതികം

- നിലവിലുള്ള പുതിയ ഒരു കെട്ടിടത്തിന് ഫിറ്റ്നസ് ലഭിച്ചിട്ടില്ല.
- പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് സഹായകമായ സ്ഥലസൗകര്യം അനുയോജ്യമായ ഇരിപ്പിട സൗകര്യം, ഐ.സി.ടി. സൗകര്യം എന്നിവയുള്ള ക്ലാസ് മുറികളുടെ അഭാവം.

- എല്ലാ ക്ലാസ് മുറികളിലും ഐ.സി.ടി. അധിഷ്ഠിത പഠനം ഉറപ്പാക്കുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും സാങ്കേതിക സൗകര്യങ്ങളും ഒരുക്കാൻ കഴിഞ്ഞിട്ടില്ല.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയ്ക്ക് അടിസ്ഥാന സൗകര്യമില്ല.
- പാഠ്യ പദ്ധതി നിർദ്ദേശിച്ച കലാ-കായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള ഭൗതിക സൗകര്യമില്ല.
- ആധുനികമായി സജ്ജീകരിച്ച സ്കൂൾ ലൈബ്രറി, ലബോറട്ടറി, ഐ.ടി. ലാബ്, ലാംഗ്വേജ് ലാബ് എന്നിവയുടെ അഭാവം.

## സാമൂഹികം

- ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ധനാത്മകമായി ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹ്യ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.
- പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, എസ്.എം.സി. , പി.ടി.എ. എന്നീ സംവിധാനങ്ങളുടെ ഫലപ്രദമായ ഇടപെടലുകൾ നടത്തുവാൻ സാധിക്കുന്നില്ല.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ – ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | ചുറ്റുമതിൽ | പി.ടി.എ. ശക്തിപ്പെടുത്തൽ |
| ഗണിതശേഷി വികസനം | കളിസ്ഥലം | എസ്.എം.സി, കാര്യക്ഷമമാക്കൽ |
| ഇംഗ്ലീഷ് പഠന പരിപോഷണം | ചിൽഡ്രൻസ് പാർക്ക് | വിദ്യാലയ വികസന സമിതി |
| ശാസ്ത്രപോഷണ പരിപാടി | ക്ലാസ്സ് മുറികൾ | പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| വായനാ പരിപോഷണം | ഓഫീസ് മുറി | എസ്.എസ്.ജി. |
| ലൈബ്രറി ശാക്തീകരണം | സ്റ്റാഫ് മുറി | എൽ.എസ്.ജി. ബന്ധം |
| ലബോറട്ടറി ആധുനികവൽക്ക രിക്കൽ | വിശ്രമമുറി | ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്ന ദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |
| പ്രതിഭാപോഷണ പരിപാടി | കമ്പ്യൂട്ടർ റൂം | ക്ലാസ്സ് പി.ടി.എ. മാതൃകാപരമാക്കുന്നതിനു-ള്ള നടപടികൾ |
| നാടകക്കളരി | മൾട്ടിമീഡിയ റൂം | വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| ജൈവവൈവിധ്യ പാർക്ക് | ലൈബ്രറി | വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ |
| സാഹിത്യപോഷണ പരിപാടി | ഡൈനിംഗ് ഹാൾ | റിസോഴ്സ് മാപ്പിംഗ് |
| പഠനയാത്രകൾ | അസംബ്ലി ഹാൾ | പഠനക്കൂട്ടം |
| സെമിനാറുകൾ | കുടിവെള്ള വിതരണം | പ്രാദേശിക പി.ടി.എ. |
| കലാ-കായികമേള | മാലിന്യ സംസ്ക്കരണം | ഭവനസന്ദർശനം |
| ഐ.ടി. പരിശീലനം | ടോയ്ലറ്റ് | |
| അദ്ധ്യാപക ശാക്തീകരണ പരിപാടികൾ | ലബോറട്ടറി | |
| ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ ,സംയുക്ത/സർഗാത്മ ഡയറി | ജൻമദിനത്തിനൊരു പുസ്തകം | |
| സ്കൂൾ പത്രം/മാസിക | ചിത്രരചന | |
| പ്രവൃത്തിപരിചയ പഠനം | എൻറെ വീട്ടിലും ഒരു കൃഷിത്തോട്ടം | |
| ഒന്നാം ക്ലാസ് ഒന്നാംതരം | എൻറെ ചെടി,എനിക്കും പറയാനുണ്ട്. | |
| | ജൈവ അജൈവ മാലിന്യങ്ങളുടെ വേർതിരിച്ചുള്ള സംസ്കരണം | |

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| എസ്.ആർ.ജി. ശാക്തീകരണം<br><br>ശാസ്ത്രാഭിരുചി വളർത്തൽ<br><br>പച്ചക്കറിത്തോട്ടം<br><br>രചനാശിൽപശാല<br><br>അഭിമുഖങ്ങൾ<br><br>മെഡിക്കൽ ക്യാമ്പ്<br><br>പോഷകാഹാര പരിപാടി<br><br>പാവനാടക പരിശീലനം/ശിൽപശാല<br><br>ഒറിഗാമി ശിൽപശാല<br><br>ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ<br><br>ഭാഷാലാബ്<br><br>ടേം മൂല്യ നിർണ്ണയം, നിരന്തര വിലയിരുത്തൽ<br><br>ദിനാചരണം<br><br>കായിക പഠനം<br><br>ഗവേഷണാത്മകമായ<br><br>പ്രവർത്തനങ്ങൾ<br><br>ഭാഷോത്സവം<br><br>ഗണിതോത്സവം<br><br>മെട്രിക് മേള<br><br>പഠനോത്സവം | | |

## ഭൗതികം - പരിമിതികൾ

ഓഫീസ്, സ്റ്റാഫ് റൂം, ലാബ്, ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ ഇല്ല. ശൗചാലയം ആധുനിക രീതിയിലുള്ളതല്ല. ചുറ്റുമതിൽ സുരക്ഷിതമല്ല. ഓഡിറ്റോറിയം നിലവിലില്ല. വാഹന സൗകര്യം ഇല്ല. ഭോജനശാല ആവശ്യമാണ്. ഓപ്പൺ എയർ സ്റ്റേജ് ആവശ്യമാണ്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യപാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. വിശാലമായ രീതിയിൽ കളിസ്ഥലം നിർമ്മിക്കേണ്ടതാണ്.

## അക്കാദമികം - പരിമിതികൾ

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. സ്കൂൾ ഗ്രന്ഥശാല നവീകരിക്കണം. ലബോറട്ടറികൾ ആധുനിക വൽക്കരിക്കണം. ക്ലാസ്സ് ലൈബ്രറികൾ ക്രമീകരിച്ചിട്ടില്ല. കലാകായിക പരിശീലനത്തിന് അദ്ധ്യാപകരെ ലഭ്യമാകുന്നില്ല. ICT സൗകര്യത്തോടുകൂടിയ ക്ലാസ്സ് മുറികൾ നിലവിൽ ഇല്ല. മൾട്ടി മീഡിയറൂം ഇല്ല.

## നിലവിലുള്ള ജീവനക്കാർ

| | | |
|---|---|---|
| HM | : | 1 |
| LPSA | : | 3 |
| UPSA | : | 2 |
| Part time Junior Hindi Teacher | : | 1 |
| OA | : | 1 |
| PTCM | : | 1 |

# പദ്ധതി രൂപീകരണ പ്രക്രിയ

## ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം | |
|---|---|---|---|
| മാതൃഭാഷാശേഷി വികസനം<br><br>വായനാപരിപോഷണം<br><br>ഇംഗ്ലീഷ് ഭാഷ ശക്തിപ്പെടുത്തൽ<br><br>ഹിന്ദി കൈകാര്യം ചെയ്യൽ<br><br>ഗണിതം മധുരതരമാക്കൽ<br><br>ശാസ്ത്രാഭിരുചി വളർത്തൽ<br><br>ലൈബ്രറി ശാക്തീകരണം<br><br>ലബോറട്ടറി ശക്തിപ്പെടുത്തൽ<br><br>പ്രതിഭാപോഷണ പരിപാടി<br><br>സാമൂഹ്യശാസ്ത്ര പഠനം<br><br>സാഹിത്യ പോഷണ പരിപാടികൾ<br><br>ജൈവവൈവിധ്യ പാർക്ക്<br><br>പഠനയാത്രകൾ<br><br>സെമിനാറുകൾ<br><br>കലാകായിക പരിശീലനം<br><br>ഐ.ടി. പരിശീലനം | സ്കൂൾ ചതുപ്പുപ്രദേശം മണ്ണിട്ടുയർത്തൽ<br><br>ചുറ്റുമതിൽ, ഗേറ്റ്<br><br>പുതിയ 6 മുറി കെട്ടിടം<br><br>ഓഫീസ് മുറി, സ്റ്റാഫ് മുറി<br><br>ക്ലാസ്സ് മുറികളുടെ നവീകരണം<br><br>സ്മാർട്ട് ക്ലാസ്സ് മുറി<br><br>ലൈബ്രറി<br><br>ലബോറട്ടറി<br><br>ഭക്ഷണശാല<br><br>അസബ്ലി ഹാൾ<br><br>മഴവെള്ള സംഭരണി<br><br>ബയോഗ്യാസ് | എസ്.എം.സി. വിപുലപ്പെടുത്തൽ<br><br>പി.ടി.എ. ശക്തിപ്പെടുത്തൽ<br><br>പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br><br>ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, പൂർവ്വാധ്യാപകർ, വിദ്യാഭ്യാസ പ്രവർത്തകർ, സഹകരണ സ്ഥാനനങ്ങൾ എന്നിവയുടെ<br><br>സേവനം പ്രയോജനപ്പെടുത്തൽ<br><br>വിദ്യാലയ മികവുകൾ സമൂഹവുമായി പങ്കിടൽ<br><br>വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനുകൂടി പ്രയോജനപ്പെടുത്തൽ<br><br>ഗൃഹസന്ദർശനം | PTA<br><br>SRG<br><br>SSG യിൽ വിവിധ തലങ്ങളിൽ ചർച്ച നടത്തി അംഗീകരിച്ചു |

## അക്കാദമിക പ്രവർത്തനങ്ങൾ

❖ ഓരോ പഠനശേഷിയും ഉറപ്പാക്കുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ കുട്ടികളുടെ നിലവാരത്തിനനുസരിച്ച് നൽകും.

❖ ഭിന്നശേഷിക്കാർക്ക് പ്രത്യേകം പരിഗണന.

❖ ഓരോ കുട്ടിയും ഓരോ യൂണിറ്റിലും നിർദ്ദിഷ്ട പഠന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടോ എന്നറിയാൻ പ്രത്യേക മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ഇതിനാവശ്യമായ വർക്ക്ഷീറ്റുകൾ യൂണിറ്റടിസ്ഥാനത്തിൽ തയ്യാറാക്കും.

❖ എല്ലാദിവസവും ക്ലാസ് സമയത്തിനുമുമ്പായി മലയാളം തെറ്റില്ലാതെ എഴുതുവാനും വായിക്കാനും മുഴുവൻ കുട്ടികളേയും പരിശീലിപ്പിക്കും.

❖ ലൈബ്രറി പുസ്തകങ്ങൾ എല്ലാ കുട്ടികൾക്കും നൽകി അവർ വായിച്ച് വായനാക്കുറിപ്പുകൾ തയ്യാറാക്കും. 'പുസ്തക പരിചയം' എന്ന പേരിൽ അസംബ്ലിയിൽ അവതരിപ്പിക്കും.

❖ വായനാകാർഡുകൾ തയ്യാറാക്കൽ.

❖ മലയാളത്തിൽ പ്രതിഭാശാലികളായ കുട്ടികളെ കണ്ടെത്തി കഥാരചന, കവിതാരചന, നാടക രചന, പത്രവാർത്ത, എഡിറ്റിംഗ് തുടങ്ങിയവയ്ക്ക് പരിശീലനം നൽകുന്നു.

❖ ഇംഗ്ലീഷ് ഭാഷ, അനായാസം കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കാൻ അക്കാദമിക വർഷം ആരംഭം മുതൽ ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് ഡയറി, ഇംഗ്ലീഷ് തിയറ്റർ ഒരു ദിവസം ഒരു ഭാഷാ പരിപാടി, ഓരോ ക്ലാസിലും നടത്തും. അക്കാദമിക വർഷം പൂർത്തിയാകുമ്പോൾ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവ് കുട്ടികൾ നേടിയെടുക്കും.

❖ ഗണിതത്തിൽ പ്രാഗത്ഭ്യമുള്ളവരാക്കാൻ കുട്ടികൾക്ക് വിവിധതരം പസിലുകൾ, ചോദ്യങ്ങൾ, പാറ്റേണുകൾ നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ. കുട്ടികൾ കണ്ടെത്തുന്ന പസിലുകൾ, പാറ്റേണുകൾ പതിക്കൽ.

❖ ശാസ്ത്രക്ലാസ്സുകളിൽ അക്കാദമിക വർഷം തുടക്കം മുതൽ ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടാൻ അവസരം ഒരുക്കും. ശാസ്ത്രസത്യങ്ങൾ സ്വയം കണ്ടെത്താനുള്ള പരീക്ഷണങ്ങളിൽ കുട്ടികൾ സ്വയം ഏർപ്പെടാനുള്ള പ്രാവീണ്യം നേടും. ഭാഷാ ലാബുകളും ശാസ്ത്ര,സാമൂഹ്യശാസ്ത്ര,ഗണിത ലാബുകൾ ശക്തമാക്കും.

## പദ്ധതി വിശദാംശങ്ങൾ

### ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ അനായാസം വായിക്കാനും എഴുതാനും, സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | പഠനനില കണ്ടത്താൻ പ്രീ-ടെസ്റ്റ് നടത്തൽ, മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂലൈ | ഇംഗ്ലീഷ് അദ്ധ്യാപകൻ / അദ്ധ്യാപിക |
| | പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | ജൂലൈ | |
| | പ്രവർത്തനഫണ്ട് നടപ്പിലാക്കൽ | സെപ്റ്റംബർ-മാർച്ച് | |
| | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ 1 ദിവസം | |
| | ഇംഗ്ലീഷിലുള്ള ഡയറികുറിപ്പ് | ആഴ്ചയിൽ 2 ദിവസം | |
| | | പ്രതിദിനം | |
| | ഒരു ദിവസം ഒരു ഭാഷാ പരിപാടി | ഒക്ടോബർ മുതൽ | |
| | ഇംഗ്ലീഷ് ക്ലാസിലെ ലൈബ്രറി, വായനാ പുസ്തകം, | ഒക്ടോബർ-മാർച്ച് | |
| | പതിപ്പുകൾ, മാഗ സിനുകൾ ഇവ തയ്യാറാക്കൽ | നവംബർ - മാർച്ച് | |
| | ഇംഗ്ലീഷ് തീയേറ്റർ | | |

## വിഷയമേഖലാ പ്രവർത്തനങ്ങൾ

**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരപാടികളും ഇംഗ്ലീഷിൽ അവതരി പ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | പി.ടി.എ ,സ്കൂൾ പാർലമെന്റ് | - |

## പേര് : ഇംഗ്ലീഷ് തിയറ്റർ

**ഉപമേഖല : ഇംഗ്ലീഷ് ഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസതമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിന് മുമ്പാകെ അവതരിപ്പിക്കൽ, ഉദാ. സ്കിറ്റ്, കോൺവർസേഷൻ, ഡ്രാമ മുതലായവ | പ്രതിമാ-സ പരിപാടി | എച്ച്.എം./ ഇംഗ്ലീഷ് അദ്ധ്യാപകൻ | 2000/- (പി.ടി.എ.) |

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാളം തെറ്റില്ലാതെ എഴുതാനും വായിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ, ഓരോ ക്ലാസിനെയും നിർദ്ദിഷ്ട പഠന നേട്ടത്തിൽ എത്തിക്കുക. | പ്രീ-ടെസ്റ്റ് നടത്തി വിശകലനം ചെയ് കുട്ടികളെ ഗ്രൂപ്പ് തിരിക്കുന്നു. | ജൂൺ ആദ്യ വാരം | മലയാളം ടീച്ചർ | - |
| | പരിഹാര പ്രവർത്തനം നൽകി നിലവാരം ഉയർത്തൽ | ജൂൺ രണ്ടാം വാരം | | |
| | അസംബ്ലി- പുസ്തക പരിചയം, വായനാ ക്കാർഡ് മുതലായവ | ജൂൺ രണ്ടാം വാരം | | |
| | വായനാക്കാർഡ് തയ്യാറാക്കൽ, വായിക്കൽ | പ്രതിദിനം | | |
| | ക്ലാസ് ലൈബ്രറി, പത്രം തയ്യാറാക്കൽ | ജൂലൈ മുതൽ ആഴ്ചയിൽ 1 ദിവസം | | |
| | ഒരു ദിവസം ഒരു ഭാഷാ പരിപാടി | | | |
| | പതിപ്പുകൾ, മാഗസിനു കൾ തയ്യാറാക്കൽ | ആഗസ്റ്റ്- മാർച്ച് | | |
| | കഥ, കവിത, നാടകം, അവതരണം | സെപ്റ്റംബർ- മാർച്ച് | | |

**മേഖല : അക്കാദമികം**

**പേര് : രചനാ ശിൽപശാല**

**ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാസാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്/കവിയരങ്ങ്/ രചനാശിൽപശാല എന്നിവ സംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉൽപ്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, ക്ലാസ് മുറിയിലെ പഠന സാമഗ്രിയായി മേൽപറഞ്ഞ ഉൽപ്പന്നങ്ങളെ ഉപയോഗിക്കൽ. .. | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരം- ഗം കലാസാഹിത്യ വേദി | 5000/- സ്പോൺസർഷിപ്പ് |

**പേര് : നാടക പരിശീലന ശിൽപശാല**

**ഉപമേഖല : സർഗ്ഗാത്മക വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്ക- ൽ | പാഠഭാഗങ്ങളെ നാടക ങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും ആയതിന്റെ അവതരണവും | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്. ജി | 5000/- |

**പേര്** : **ഗ്രന്ഥശാലാ ശാക്തീകരണം**

**ഉപമേഖല** : **ഭാഷാശേഷികളുടെ വികസനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ സജ്ജമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | വിദ്യാഭ്യാസ കൗൺസിൽ | 5000/- സ്പോൺസർഷിപ്പ് |
| കവികളെയും കൃതികളെയും പരിചയപ്പെടാം | നിർദ്ദേശിക്കുന്ന ഒരു കവിയുടെ ഒരു കവിത ജീവചരിത്രക്കുറിപ്പ് പുസ്തകരൂപത്തിൽ തയ്യാറാക്കൽ | വർഷത്തിൽ ഒന്ന് | വിദ്യാരംഗം കലാസാഹിത്യ വേദി | |

## പേര് : ദിനാചരണങ്ങൾ

## ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി. യിൽരൂപപ്പെടുത്തുന്നു.നിശ്ചിത ദിവസങ്ങളിൽ അത് സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം. | എസ്. ആർ.ജി. | - |

## പേര് : ഒറിഗാമി ശിൽപശാല

## ഉപമേഖല : അക്കാദമികം / ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി | 2000/-പി.ടി.എ. |

**മേഖല : അക്കാദമികം**

**ഉപമേഖല : ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ, ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടങ്ങൾ ഉറപ്പിക്കുന്നതിനും | എല്ലാ ക്ലാസിലും പ്രീ-ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു. | ജൂൺ | കണക്ക് ടീച്ചർ |
| | കുട്ടികളെ ഗ്രൂപ്പുക ളാക്കുന്നു. (ക്ലാസ് അടിസ്ഥാനത്തിൽ) | ജൂൺ | |
| | അനുയോജ്യമായ പ്രവർത്തന പാക്കേജിലൂടെ പഠനനേട്ടങ്ങളിൽ എത്തിക്കുന്നു | ജൂൺ, ഫെബ്രുവരി | |
| | വിവിധ ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തുന്നു. ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ചുള്ള വിവിധ നിർമ്മാണ പ്രവർത്തന ങ്ങൾ | ജൂൺ, ഫെബ്രുവരി | |
| | വിവിധ അളവുകൾ പരിചയപ്പെടൽ, പരസ്പരബന്ധം കണ്ടെത്തൽ. അളവ് ഉപകരണങ്ങൾ നിർമ്മിക്കൽ. | ആഗസ്റ്റ്,ഫെബ്രുവരി<br>ഒക്ടോബർ - ഡിസംബർ | |
| | നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനം | ഫെബ്രുവരി | |

**മേഖല : അക്കാദമികം**

**ഉപമേഖല : ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| ശാസ്ത്ര സത്യങ്ങൾ സ്വയം കണ്ടെത്തുന്നതിനുള്ള ശേഷികൾ നേടുന്നതിന്. | ശാസ്ത്രാഭിരുചി കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ-ജൂലൈ | സയൻസ് ടീച്ചർ |
| | പ്രവർത്തനങ്ങൾ വിലയിരുത്തുന്ന കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കുന്നു. | ജൂലൈ | സയൻസ് ടീച്ചർ |
| | പഠന നേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള പരീക്ഷണങ്ങൾ നടത്തുന്നു. | ആഗസ്റ്റ്-മാർച്ച് | സയൻസ് ടീച്ചർ |
| | തുടർ പരീക്ഷണങ്ങൾ നടത്തുന്നു. | ആഴ്ചയിൽ 2 ദിവസം | സയൻസ് ടീച്ചർ |
| | ശാസ്ത്രജ്ഞരുടെ വിവരങ്ങൾ ശേഖരിക്കൽ, പതിപ്പുതയ്യാറാക്കൽ, സയൻസ് മാഗസിനുകൾ തയ്യാറാക്കൽ. | ആഴ്ചയിൽ 2 ദിവസം | സയൻസ് ടീച്ചർ |
| | എല്ലാ ദിവസവും ഓരോ പരീക്ഷണങ്ങൾ. | ഡിസംബർ-മാർച്ച് | സയൻസ് ടീച്ചർ |
| | കുട്ടികളുടെ കണ്ടുപിടുത്തങ്ങൾ അവതരണം,പ്രദർശനം. | ഫെബ്രുവരി | സയൻസ് ടീച്ചർ |
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കുന്നതിന്. | പച്ചക്കറിത്തോട്ടം ഒരുക്കുന്നു. | 1 പ്രാവശ്യം | എസ്.ആർ.ജി. കുട്ടികൾ |
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുന്നതിന്. | ശാസ്ത്ര വിഷയങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കുന്ന വിധം ലഘുപരീക്ഷണങ്ങൾ നടത്തി വീഡിയോ തയ്യാറാക്കുന്നു. | വർഷം മുഴുവൻ | സയൻസ് ടീച്ചർ |

**പേര്		:  ശാസ്ത്ര യാത്രകൾ (Field Trips)**

**ഉപമേഖല :  അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്ര സമൂഹകേന്ദ്രം, ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 1 യാത്രകൾ | സയൻസ് ക്ലബ്ബ്, പി.ടി.എ | 15000/- (എസ്.എസ്.എ) |

**പേര്		:**

**ഉപമേഖല: അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 10000/- സ്പോൺസർ |

**പേര് : പഠനയാത്രകൾ**

**ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| പ്രത്യക്ഷാനുഭവ-ത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | മാസത്തിൽ 1 ഒന്നു വീതം | എസ്. ആർ. ജി. | 20000/- (സ്പോൺ-സർഷിപ്പ്) |

**പേര് : ബുള്ളറ്റിൻ ബോർഡ്**

**മേഖല / ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുക-ളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥി കൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാനവാർത്തക-ൾ പ്രദർശിപ്പിക്കുക യും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളി-ലും | സാമൂഹ്യശാ സ്ത്ര ക്ലബ്ബ് | 2000 /- |

## മേഖല : യു പി ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ : ഹിന്ദി അഞ്ചാം ക്ലാസ് മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക.അക്ഷരങ്ങളും ചെറിയ ചെറിയ വാക്കുകളും പഠിപ്പിച്ചെടുക്കുക. | * പുതിയ പദങ്ങൾ,ചെറിയ കവിതകൾ പാഠഭാഗത്ത് നിന്ന് തിരഞ്ഞെടുത്ത് അതിൽ വരുന്ന അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും.ചിത്രങ്ങൾ,അക്ഷരമാല ചാർട്ട്,ICTയുടെ സഹായത്തോടെ അക്ഷരരചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രവ-രി വരെ | ഹിന്ദി അധ്യാപകർ |
| 2. ഹിന്ദി വായന : തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം നടത്തും. ക്ലാസ് റൂമിൽ അതിനുള്ള സാഹചര്യം ഒരുക്കും. | * നിരന്തരം പാഠഭാഗങ്ങൾ വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് കുട്ടികളെ ആകർഷിക്കും,വായന കാർഡ്,ഈ ക്യൂബ് ഹിന്ദി ഭാഷ പ്രയോഗശാലയുടെ സഹായത്തോടെ കുട്ടികളിലെ വായനശീലം വളർത്തും. | ജൂൺ മുതൽ ഫെബ്രവരി വരെ | ഹിന്ദി അധ്യാപകർ |
| 3 . ഹിന്ദി സംസാരം : ഹിന്ദി സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും. നിത്യ ജീവിതത്തിൽ ആവശ്യം വരുന്ന ഹിന്ദി ഭാഷയുടെ പ്രയോഗം പരിചയപ്പെടുത്തും. | * ആവർത്തിച്ചുള്ള വായനയിലൂടെ ഹിന്ദി ഭാഷ പ്രയോഗങ്ങൾ മനസ്സിലാക്കി കൊടുക്കുന്നു. ക്ലാസ് മുറിയിൽ പാഠഭാഗവുമായി ബന്ധപ്പെടുത്തി ചെറിയ ചെറിയ സ്കിറ്റുകൾ കുട്ടികളെ കൊണ്ട് ചെയ്യിക്കും. | ജൂൺ മുതൽ ഫെബ്രവരി വരെ | ഹിന്ദി അധ്യാപകർ |